# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 52 — 26.09.2011 ൽ മറുപടിക്ക്

### അപകടമരണത്തെ തുടർന്നുള്ള ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ.ഉമ്മൻ ചാണ്ടി<br>(ബഹു.മുഖ്യമന്ത്രി) |
| (എ) അപകടമരണത്തെ തുടർന്നുള്ള ധനസഹായം 30000/-രൂപയിൽ നിന്നും 1 ലക്ഷം രൂപയാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; എന്നു മുതൽ നടപ്പി ലാക്കാൻ കഴിയും എന്ന് അറിയിക്കാ മോ? | (എ യും ബി യും) അപകടത്തിന്റെ ഗുരുതരാവസ്ഥ കണക്കി ലെടുത്ത് ചില പ്രത്യേക സന്ദർഭങ്ങളിൽ ഉയർന്ന തോതിൽ ധനസഹായം നൽകി വരുന്നുണ്ട്. വിദ്യാർത്ഥികളും കുട്ടികളും ഉൾപ്പെടുന്ന ബോട്ടപകടം/റോഡപകടം പോലുള്ള ദാരുണമായ അപകടങ്ങളിൽ മരണം സംഭവിക്കുന്നവരുടെ കുടുംബ ങ്ങൾക്ക് ഒരു കുടുംബത്തിന് പരമാവധി രണ്ടു ലക്ഷം രൂപാ വീതം എന്ന നിരക്കിൽ ധനസഹായം നൽകി വരുന്നു. സ്ഫോടക ശക്തിയുള്ള ഇന്ധനങ്ങളോ മറ്റു പദാർത്ഥ ങ്ങളോ വഹിക്കുന്ന വാഹനങ്ങൾ അപകട ത്തിൽപ്പെടുമ്പോഴോ അതുപോലുള്ള ആകസ്മിക ദുരന്തങ്ങളിലോ മരണമടയുന്ന വരുടെ കുടുംബത്തിന് പ്രാഥമിക സഹായമായി ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ